ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടന്ന തീപിടുത്തത്തെക്കുറിച്ചുള്ള അന്വേഷണം

44 (1787) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടന്ന തീപിടുത്തത്തെക്കുറിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നറിയിക്കുമോ ;

(ബി) ഇവിടത്തെ തീപിടുത്തം അട്ടിമറിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) വളരെ പ്രധാനപ്പെട്ട പല രേഖകളും നശിപ്പിച്ചതിന് ഉത്തരവാദികളാരെന്ന് കണ്ടെത്താനായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ 10-12-2010-ൽ നടന്ന തീപിടുത്തത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് സി.ഐ.ഡി. (ഇ.സി.ഡബ്ല്യു-1) മുട്ടട, തിരുവനന്തപുരം വിശദമായി അന്വേഷിച്ചു വരുന്നു.

(ബി) ഇല്ല. അന്വേഷണം പുരോഗമിച്ചു വരുന്നു.

(സി&ഡി) ഇല്ല. ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുന്നു.

ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ ഉണ്ടായ തീപിടുത്തം

45 (1788) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ ഉണ്ടായ തീപിടുത്തം അട്ടിമറിയാണെന്ന സംശയത്തിന്റെ ശക്തമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) 1992 മുതൽ 2010 വരെയുള്ള കാലയളവിലെ സുപ്രധാനമായ പല കേസുകളുടെയും സാമ്പിളുകൾ കത്തി നശിച്ചവയിൽ ഉൾപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോടതി, പോലീസ്, എക്സൈസ് എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്ന സാമ്പിളുകളാണ് കത്തി നശിച്ചവയിൽ ഭൂരിഭാഗവും എന്ന വസ്തുത സംബന്ധിച്ചിന്റെ ദുരൂഹതയിലേക്കാണ് വിരൽചൂണ്ടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാധാരണഗതിയിൽ മുറിക്കുള്ളിൽ ഉണ്ടാകാൻ പാടില്ലാത്ത മണ്ണെണ്ണ കുപ്പി കണ്ടെത്തിയതും വൈദ്യുതി തകരാറുകൾ കണ്ടെത്താത്തതും സംഭവത്തിന്റെ ദുരൂഹത വർദ്ധിപ്പിക്കുന്നില്ലേ ;

(ഇ) ലാബിലെ ജീവനക്കാർ തമ്മിൽ അഭിപ്രായഭിന്നത നിലനിന്നിരുന്ന കാര്യവും പരിശോധനാ വിധേയമാക്കുമോ ;

(എഫ്) ഏത് ഏജൻസിയാണ് ഇതു സംബന്ധമായ അന്വേഷണം ഏറ്റെടുത്തിരിക്കുന്നത് ; അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുന്നു.

(ബി-ഇ) ഇത് സംബന്ധിച്ച വിവരങ്ങൾ അന്വേഷണാവസ്ഥയിലാണ്

(എഫ്) ആസൂത്രിത കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന പോലീസ് സേനയിലെ ക്രൈംബ്രാഞ്ചിന്റെ മുട്ടടയിലെ ഒ.സി.ഡബ്ല്യു-1 യൂണിറ്റിലെ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ആണ് അന്വേഷണം നടത്തുന്നത്. തെളിവു ശേഖരിച്ചും ജീവനക്കാരിൽ നിന്നും മൊഴികൾ രേഖപ്പെടുത്തിയും അന്വേഷണം പുരോഗമിക്കുന്നു.

സ്ഫോടക വസ്തുക്കൾ ശേഖരിച്ച കേസുകൾ

46 (1789) ശ്രീ. കെ. അച്ചുതൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര സ്ഥലങ്ങളിൽ സ്ഫോടക വസ്തുക്കൾ ശേഖരിച്ചതു സംബന്ധിച്ച കേസുകൾ ഉണ്ടായി ;

(ബി), ഈ കേസിൽ എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ;

(സി) ഇത്തരം കേസുകളിൽ അന്യസംസ്ഥാനത്തുനിന്നുള്ള പ്രതികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly